
ആഷിഖ് ഇഖ്ബാൽ



അഭിമുഖം

# ആനന്ദ് പട്‌വർദ്ധൻ

അധർമ്മത്തിനെതിരെയുള്ള 'ഏകാംഗചെറുത്തു നിൽപ്പുകൾ' ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും നടക്കുന്നുണ്ട്. ഇന്ത്യയിലെ ഫാഷിസ ഭരണകൂടത്തിനെതിരെ ഡോക്യുമെന്ററികളിലൂടെ അലയൊലികൾ സൃഷ്ടിക്കുന്ന ആനന്ദ് പട്‌വർദ്ധൻ ഇതിനകം ഏറെ ശ്രദ്ധേയനായിരിക്കുന്നു. 'രാം കെ നാം', 'വാർ ആന്റ് പീസ്' തുടങ്ങിയ ചിന്തനീയമായ ഡോക്യുമെന്ററികളിലൂടെ ഭാരതത്തിന്റെ നവമനസ്സുകളിൽ സ്ഥാനം നേടിയ അദ്ദേഹം ഫാഷിസത്തിന്റെ കാണാപ്പുറങ്ങൾ തുറന്നുകാട്ടാനുള്ള ഭഗീരയത്നത്തിന്റെ ഭാഗമായി തന്റെ സന്ദേശം ലോകം മുഴുവൻ പ്രചരിപ്പിക്കാനായി ഇറങ്ങിത്തിരിച്ചിരിക്കുകയാണ്. കൂരിരുട്ടിൽ അണയാൻ മടിക്കുന്ന ഇത്തിരിവെട്ടമായ പട്‌വർദ്ധനെ പോലെയുള്ളവരെ തിരസ്കരിക്കാൻ രാജ്യസ്നേഹികൾക്ക് കഴിയുമോ ? തന്റെ സ്തുത്യർഹമായ ശ്രമത്തിന്റെ ഭാഗമായി കേരളത്തിലെത്തിയ ആനന്ദ് പട്‌വർദ്ധനെ കണ്ടുമുട്ടിയപ്പോൾ....

*മനുഷ്യത്വത്തെ അവഗണിക്കുന്ന ഫാഷിസത്തിനെതിരെ ഡോക്യുമെന്ററികളിലൂടെ പ്രതികരിക്കാൻ കാരണം... ?*

ഡോക്യുമെന്ററികളാണ് ഇന്നത്തെ തിരക്കുപിടിച്ച ലോകത്ത് ഏറ്റവും നല്ല മാധ്യമമെന്ന് ഞാൻ മനസ്സിലാക്കുന്നു. കൊമേഴ്സ്യൽ സിനിമകളിൽ നിന്നും വ്യത്യസ്തമായി ജനമനസ്സുകളിൽ സ്ഥിര പ്രതിഷ്ഠനേടാൻ ഡോക്യുമെന്ററികളിലൂടെ മാത്രമേ കഴിയുന്നുവെന്നത് ഇതിനെ മറ്റ് മാധ്യമങ്ങളേക്കാൾ ഫലപ്രദമാക്കുന്നു.

*ഇത്തരമൊരു ശ്രമത്തിന് തുനിയാൻ താങ്കളെ പ്രേരിപ്പിച്ചത്...?*

അതിന് പ്രത്യേക കാരണങ്ങളൊന്നുമില്ലെങ്കിലും ഇന്ത്യയിലെ ഹിന്ദുത്വ ഫാഷിസത്തിന്റെ ചെയ്തികൾ പലപ്പോഴും എന്നെ ചിന്താകുലനാക്കിയിട്ടുണ്ട്. സ്നേഹം പഠിപ്പിക്കുന്ന മതങ്ങളുടെ പേരിൽ കാട്ടിക്കൂട്ടുന്ന ഹീനമായ ചെയ്തികളെ സമ്മതിക്കാനൊക്കുമോ ...? ബാബരി മസ്ജിദിന്റെ പ്രശ്നത്തിൽ മതങ്ങളെങ്ങനെ ചൂഷണം ചെയ്യപ്പെട്ടുവെന്ന് തുറന്നുകാട്ടാനാണ് 'രാംകെനാം' എന്ന ഡോക്യുമെന്ററിയിലൂടെ ഞാൻ ശ്രമിക്കുന്നത്. ഇന്ത്യയിലെ ഹൈന്ദവ ഫാസിസ്റ്റുകൾ മുസ്‌ലിംകൾക്കെതിരെ നടത്തുന്ന ക്രൂരതകൾക്കെതിരെ പ്രതികരിക്കാൻ ആളില്ലെങ്കിലും സ്വാഭാവികമായും അതവരിൽ നിരാശാബോധമുണ്ടാക്കുകയും തീവ്രവാദത്തിന്റെ വഴികളിലേക്കവർ വഴി നടത്തപ്പെടുകയും ചെയ്യുമെന്ന് ഞാൻ ഭയക്കുന്നു. എപ്പോഴും ഭൂരിപക്ഷമാണ് സംയമനം പാലിക്കേണ്ടത്. ഒരു പാക്കിസ്ഥാൻ പൗരനായിരുന്നു താനെങ്കിൽ അവിടത്തെ ന്യൂനപക്ഷം നേരിടുന്ന പ്രശ്നങ്ങൾക്കെതിരെ പ്രതികരിക്കുമായിരുന്നു. ഇതിനിടയിൽ താനേത് വിഭാഗത്തിൽപെടുമെന്നത് കാര്യമാക്കരുത്.

*എതിർപ്പുകളും നിയമക്കുരുക്കുകളും..?*

ആവിഷ്കാര സ്വാതന്ത്ര്യം ഇന്ത്യൻ ഭരണഘടന അനുവദിക്കുമെന്നുള്ളിടത്ത് എതിർപ്പു കൾ അവഗണിക്കുന്നു. തന്റെ ഡോക്യുമെന്ററികൾ ഭാഗികമായി പലയിടത്തും നിരോധിക്കാൻ അധികൃതർ തുനിഞ്ഞിട്ടുണ്ട്. സമ്പൂർണ്ണമായ നിരോധനമുണ്ടായാൽ കോടതിയെ സമീപിക്കാമെന്ന ആശ്വാസമുണ്ട്. എന്നാൽ ഭാഗികമായിട്ടാവുമ്പോൾ അതിന് തുനിയാറില്ല. ഇത്തരം നിരോധനങ്ങൾ വർഗ്ഗീയ വിദ്വേഷം വളർത്തുമെന്ന വ്യാജേനയാണ് ഉണ്ടാവാറുള്ളത്. പക്ഷെ ഈ ആരോപണം ഒരിക്കലും യാഥാർത്ഥ്യമല്ലെന്ന് എന്റെ ഡോക്യുമെന്ററി കാണുന്ന ന്യൂനപക്ഷങ്ങളെ മുൻ നിർത്തി എനിക്ക് പറയാനാകും. മനുഷ്യത്വത്തിനെതിരെ നടക്കുന്ന കടന്നാക്രമണങ്ങൾക്കെതിരെ ജാതിമത ഭേദമന്യേ ജനമന

സ്സുകൾ ഒന്നിക്കുമെന്നല്ലാതെ വല്ല വിപരീത ഫലമുണ്ടാവുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല.

***ഇത് പൊതുജനങ്ങളിലുണ്ടാക്കിയ പ്രകടമായ മാറ്റം... ?***

ഇവ പ്രദർശിപ്പിക്കുന്നിടത്തെല്ലാം വൻ ജനാവലിയെ കാണാനെനിക്ക് സാധിച്ചിട്ടുണ്ട്. ബോംബെയുൾപ്പെടെയുള്ള നഗരങ്ങളിൽ നിന്നുമെനിക്ക് ലഭിച്ച പിന്തുണയാണ് എന്റെ ഏറ്റവും വലിയ പ്രചോദനം. വർഗ്ഗീയ വിഷം കുത്തിവെച്ച് യുവമനസ്സുകളെ വഴിതെറ്റിക്കുന്ന ഫാഷിസത്തിന്റെ ആസൂത്രിതമായ ചിന്താഗതികൾ തിരിച്ചറിയപ്പെടേണ്ടതുണ്ട്. അതിന്റെ അറിയപ്പെടാത്ത വശങ്ങൾ അൽപമെങ്കിലും തുറന്നുകാട്ടാനെനിക്ക് കഴിയുമെങ്കിൽ ഞാൻ കൃതാർത്ഥനാണ്.

***ഇന്ത്യയുടെ ഭാവിയെക്കുറിച്ച്...?***

പൂർണ്ണമായും ഫാഷിസവൽക്കരിക്കപ്പെടുന്ന ഭാരതത്തിന്റെ ഭാവിയിൽ ആശങ്കരാവേണ്ടതാണ്. വിദ്യാഭ്യാസ-സാസ്കാരിക മേഖലകളിലെല്ലാം തങ്ങൾക്ക് അഭിമതരായവരെ തിരുകി കയറ്റി ആധിപത്യം നേടിയെടുക്കുകയെന്ന നയം ഇന്ത്യയിൽ തന്ത്രപൂർവ്വം അവർ നടപ്പിലാക്കികഴിഞ്ഞു. അതിന്റെ പരിണിത ഫലമാണ് ഗുജറാത്ത്. അവിടെ നടന്നത് ആസൂത്രിതമായ വംശഹത്യയാണ്. യഥാർത്ഥ ശത്രു പാക്കിസ്ഥാനോ മറ്റ് വിദേശരാജ്യമോ അല്ല. മറിച്ച് ഇന്ത്യയിലെ ഭരണാധികാരികൾ തന്നെയാണ്. അഴിമതിയുടെ കറപുരളാത്ത മേഖലകളോ വകുപ്പുകളോ ഇന്ന് ഇന്ത്യയിലില്ല. തെഹൽക സംഭവവും ശവപ്പെട്ടി കുംഭകോണവും മറ്റു രാജ്യങ്ങൾക്കിടയിൽ ഭാരതത്തെ നാണം കെടുത്തി. അബലകൾക്കെതിരെ അക്രമങ്ങൾ നിയന്ത്രണാധീതമായി തുടരുന്ന കാലത്തോളം ഇന്ത്യയ്ക്ക് ഇരുളടഞ്ഞ ഭാവിയാണ് പ്രതീക്ഷിക്കാവുന്നത്.

***ഹിന്ദുത്വവും ഫാഷിസവും ....?***

ഹിറ്റ്ലർ ഒരിക്കലും മതങ്ങളെ ലക്ഷ്യ സാധൂകരണത്തിന് ഉപയോഗിച്ചില്ല. എന്നാൽ ഇന്ത്യയിലെ ഫാഷിസ്റ്റുകൾ ഹിന്ദുമതത്തിന്റെ ലേബലിൽ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നു. അവരുടെ ചെയ്തികൾ മനുഷ്യനുമായോ മതങ്ങളുമായോ യാതൊരു ബന്ധവുമില്ല. മറിച്ച് അധികാരത്തിലെത്താനുള്ള ഏറ്റവും അനുയോജ്യമായ വഴിയായി അത് മാറ്റിയെടുക്കാൻ അവർക്ക് കഴിഞ്ഞു. തന്റെ ഡോക്യുമെന്ററികൾ കാണാൻ പോലും കൂട്ടാക്കാത്ത വർഗ്ഗീയവാദികൾ എന്നെ പലപ്പോഴും 'മുസ്ലിം തോലണിഞ്ഞ ചെന്നായ'യെന്ന് വിശേഷിപ്പിക്കാറുണ്ട്. അവരോടെനിക്ക് സഹതാപമേയുള്ളൂ.

***ഗുജറാത്തിനെക്കുറിച്ച് ഡോക്യുമെന്ററിയെടുക്കുമോ ...?***

അതിന് വേണ്ടി പലഭാഗത്ത് നിന്നും ശ്രമം നടക്കുന്നുണ്ട്. ഭീകരദൃശ്യങ്ങൾ പലപ്പോഴും എന്നെ ചിന്തിപ്പിച്ചിട്ടുമുണ്ട്. ഇപ്പോൾ യുദ്ധത്തിന്റെ ഭീകരതയെ കാണിക്കുന്ന 'വാർ ആന്റ് പീസ്' എന്ന ഡോക്യുമെന്ററി മാനവജനതയെ പരിചയപ്പെടുത്താനായി തിരിച്ചിരിക്കുന്നു.

***വിദ്യാർത്ഥികൾക്ക് നൽകാനുള്ള സന്ദേശം... ?***

രാജ്യത്ത് നടമാടുന്ന കാര്യങ്ങളെല്ലാം ശരിയായ രീതിയിൽ മനസ്സിലാക്കാനും ധീരമായ ഇടപെടലുകൾക്ക് ശ്രമിക്കാനും തുനിയണം. എങ്കിലേ ഭാവിതലമുറയിൽ ഇന്ത്യക്ക് വല്ലതും പ്രതീക്ഷിക്കാനൊക്കൂ.



ഇന്ത്യൻ രാഷ്ട്രീയത്തിൽ ബാക്കിയാവുന്ന അവസാന ശബ്ദങ്ങളിലൊന്നാണ് ജ്യോതിരാദിത്യ സിന്ധ്യയുടേത്. ഫാഷിസ്റ്റ് തേർവാഴ്ച്ചയുടെ കറുത്ത നാളുകളിൽ നമുക്കിനി പ്രതീക്ഷയുള്ളത് ഇങ്ങിനെയുള്ള ചെറു ശബ്ദങ്ങളിലാണ്. ഈയിടെ കേരളം സന്ദർശിച്ച അദ്ദേഹവുമായി നടത്തിയ കൂടിക്കാഴ്ചയിൽ നിന്ന്


തയ്യാറാക്കിയത് :
ഹാത്വിബ് കെ.കെ.
ഒന്നാംവർഷ എം.എ. ഇംഗ്ലീഷ്


എറണാകുളത്തെ പ്രശസ്ത പഞ്ചനക്ഷത്ര ഹോട്ടലായ താജ് മലബാറിൽ ജ്യോതിരാദിത്യ സിന്ധ്യയുമായി അഭിമുഖം നടത്തുകയെന്ന ലക്ഷ്യത്തോടെ ഞങ്ങൾ എത്തിച്ചേർന്നു. ലിഫ്റ്റ് പൊങ്ങുന്നതിനിടയിൽ സമദാനിസാഹിബിന്റെ കർശനമായ നിർദ്ദേശം. "മൂന്ന് ചോദ്യങ്ങളിലധികം ചോദിക്കരുത്. യാത്ര ചെയ്ത് ക്ഷീണിച്ച മനുഷ്യനാണെന്ന ഓർമ്മ വേണം."

ഇപ്പോൾ ഞങ്ങളുടെ മുന്നിലിരിക്കുന്നത് ജ്യോതിരാദിത്യ സിന്ധ്യ... മാധവറാവു സിന്ധ്യയുടെ മകൻ. രാജരക്തം സിരകളിലോടുന്നതിന്റെ ഗർവ്വോ അഹങ്കാരമോ ആ മുഖത്തുണ്ടായിരുന്നില്ല. വെളുത്ത കുർത്തയും പൈജാമയും വേഷം. വേഷത്തെ വെല്ലുന്ന കുലീനത. ചോദ്യങ്ങൾക്ക് അകമ്പടിയെന്നോണം മറുപടികൾ ഒഴുകിയൊഴുകി വന്നപ്പോൾ സമദാനി സാഹിബിന്റെ നിർദ്ദേശം മറന്നു. അടുത്തിരുന്ന അദ്ദേഹവും അത് മറന്നിട്ടുണ്ടാകണം.

ഇന്ത്യൻ രാഷ്ട്രീയത്തിൽ ഒരു വ്യാഴവട്ടക്കാലം എല്ലാ ശോഭയോടുംകൂടി കത്തിനിന്ന ഒരു വ്യക്തിയായിരുന്നല്ലോ താങ്കളുടെ പിതാവ്? ഒരു പക്ഷെ രാജീവ് ഗാന്ധിയോളം പ്രശസ്തനായിരുന്നു അദ്ദേഹം. രാജീവിന്റെ മക്കളായ രാഹുലിൽ നിന്നും പ്രിയങ്കയിൽ നിന്നും തികച്ചും വ്യത്യസ്തനായി പൊതുജന മദ്ധ്യേ പ്രത്യക്ഷപ്പെടാതിരിക്കാനുള്ള കാരണം?

പത്ത് വർഷത്തോളമായി ഞാൻ അനുഭവസമ്പത്ത് നേടുന്നതിൽ വ്യാപൃതനായിരുന്നു. എല്ലാ കാര്യങ്ങളെക്കുറിച്ചും വ്യക്തമായ കാഴ്ച്ചപ്പാടുകൾ ഉണ്ടാക്കിയെടുക്കുകയായിരുന്നു ഞാൻ. ഹാർവാർഡ് യൂനിവേഴ്സിറ്റിയിൽ നിന്ന് ബിരുദമെടുത്തതിനുശേഷം അഞ്ചരവർഷത്തോളം വെസ്റ്റ് ബാങ്കിൽ ജോലി ചെയ്തു. പിന്നീട് സ്റ്റാൻഫോർഡ് യൂനിവേഴ്സിറ്റിയിൽ എം.സി.എ



പൂർത്തിയാക്കി. എങ്കിലും പൊതുജനങ്ങളുമായി ഒരു വിധത്തിലും ബന്ധപ്പെട്ടിരുന്നില്ല എന്ന് പറഞ്ഞാൽ അതൊരസത്യമായിരിക്കും ദേശീയതലത്തിൽ ഞാനൊരപരിചിതനോ അപ്രശസ്തനോ ആയിരുന്നിരിക്കാം, എന്നാൽ പ്രാദേശിക തലത്തിൽ പൊതുജനങ്ങളുടെ ഇടയിൽ ഇറങ്ങിച്ചെല്ലുക പതിവായിരുന്നു. അവിടെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ചെറുപ്പം മുതൽ തന്നെ പങ്കാളിയാകാൻ സാധിച്ചിട്ടുണ്ട്. എന്നു മാത്രമല്ല പതിമൂന്ന് വയസ്സ് മുതൽ തന്നെ അച്ഛന്റെ തെരഞ്ഞെടുപ്പ് പ്രചാരണങ്ങളിൽ അദ്ദേഹത്തെ അനുഗമിക്കാനുള്ള ഭാഗ്യം ഉണ്ടായിട്ടുണ്ട്.

**ഈ ചെറുപ്രായത്തിൽ തന്നെ താങ്കളൊരു പാർലമെന്റംഗമായി മാറിയിരിക്കുകയാണ്. അതും ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രത്തിൽ എന്തെങ്കിലും സമ്മർദ്ദം?**

നിർണായകമായ ഒരു കാലഘട്ടത്തിലാണ് നമ്മുടെ രാജ്യം ഇന്നുള്ളത്. അതുകൊണ്ട് തന്നെ ഇന്ത്യൻ യുവത്വം ഉയിർത്തെഴുന്നേൽക്കേണ്ടിയിരിക്കുന്നു. ആലസ്യംവിട്ട് ഉണർന്ന് പ്രവർത്തിക്കേണ്ട സമയം വന്നെത്തിയെന്ന് സ്വയം മനസിലാക്കേണ്ടതാവശ്യമാണ്. നിലവിലുള്ള സാമൂഹിക പരിതസ്ഥിതികളെ തിരിച്ചറിയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇത്തരമൊരു ഉയിർത്തെഴുന്നേൽപ്പിന് സാധിക്കണമെങ്കിൽ മാനസികവും ആത്മീയവുമായ ബലമാണ് പരമപ്രധാനമായി നേടിയെടുക്കേണ്ടത്.

**പാർലമെന്റിൽ താങ്കളുടെ ആദ്യദിവസത്തെക്കുറിച്ച്?**

ഫെബ്രുവരി 28, ഒരിക്കലും മറക്കാനാകാത്ത ആ ദിനം. കേന്ദ്രം ബജറ്റ് അവതരിപ്പിച്ച ദിവസം സംഭവബഹുലമായിരുന്നു. ബജറ്റിനു മറുപടിയായി പ്രസംഗിക്കാൻ എനിക്കവസരം ലഭിച്ചു. എല്ലാവരിൽ നിന്നും നല്ല പ്രതികരണമായിരുന്നു ലഭിച്ചത്. ഹൃദയത്തിന് പിടിപ്പതു പണിയുണ്ടായിരുന്ന ഒരു ദിവസമായിരുന്നു അത്. ഹൃദയം കൊണ്ട് സംസാരിക്കാനും ഹൃദയം കൊണ്ട് കേൾക്കാനുമായിരുന്നു അന്ന് ഞാൻ ശ്രമിച്ചത്. തികച്ചും വ്യത്യസ്തവും ഓർമ്മയിൽ എന്നും തങ്ങിനിൽക്കുന്നതുമായ ഒരനുഭവമായിരുന്നു എന്റെ കന്നി പാർലമെന്റ് ദിനം.

(സമദാനി: അതിസുന്ദരമായിരുന്നു അന്ന് താങ്കൾ ചെയ്ത പ്രസംഗം ഒരു തുടക്കക്കാരന്റെ വിമ്മിഷ്ടമോ പരിചയക്കുറവോ അതിൽ പ്രതിഫലിച്ചിരുന്നില്ല. ഇരുത്തം വന്ന ഒരാളെയായിരുന്നു അന്ന് താങ്കളിൽ കാണാൻ സാധിച്ചത്. താങ്കൾ ഓർക്കുന്നുണ്ടോയെന്നറിയില്ല. ഞാനും അന്ന് താങ്കളെ അനുമോദിക്കാൻ മുന്നോട്ട് വന്നിരുന്നു.)

**താങ്കളുടെ പിതാവ് എക്കാലത്തും തികഞ്ഞ ഒരു മതേതരവാദിയും സമൂഹത്തെ വർഗ്ഗീയവത്കരിക്കുന്നതിനെ നഖശിഖാന്തം എതിർത്തിരുന്ന വ്യക്തിയുമായിരുന്നു. അത് കൊണ്ട് തന്നെ ജനങ്ങൾ താങ്കളിൽ നിന്ന് ഒരുപാടൊരുപാട് പ്രതീക്ഷിക്കുന്നുണ്ടാകും, ആ പ്രതീക്ഷക്ക് നിറം നൽകാൻ സാധിക്കുമെന്ന വിശ്വാസമുണ്ടോ?**

ഞങ്ങളുടെ കുടുംബത്തിൽ ഒരലിഖിത നിയമമുണ്ട്. ഒരു കുടുംബത്തിൽ കുലദൈവങ്ങൾക്കെത്ര പ്രാധാന്യമുണ്ടോ അത്ര തന്നെ പ്രാധാന്യം ഇതിനുമുണ്ട്. കുടുംബത്തിലെ ഓരോ അംഗവും ഈ നിയമം അക്ഷരംപ്രതി പാലിക്കാറുമുണ്ട്. ഒരു ഉത്തരവാദിത്വം ഏറ്റെടുത്താൽ അതിനോട് പരിപൂർണ്ണമായി നീതി പുലർത്തുക എന്നതാണ് ആ നിയമം. ഇതൊരു നിയമമല്ല, ഞങ്ങളുടെ വിശ്വാസമാണ്. മതവിശ്വാസം പോലെ, അത് പുറത്ത് നിന്ന് നേടിയെടുക്കുന്നതല്ല. മറിച്ച് ഞങ്ങളുടെ രക്തത്തിലെ ഒരു കണിക തന്നെയാണതും. ഇന്ത്യ ഒരു മതേതരരാഷ്ട്രമാണ്. പിതാവിന്റെ ആദർശവിശ്വാസങ്ങൾക്ക് മുമ്പൊന്നുമുണ്ടായിട്ടില്ലാത്ത പ്രാധാന്യം ഇപ്പോ

ഴുണ്ടെന്നെനിക്കറിയാം. ഗുജറാത്തിലേക്ക് നോക്കൂ. മനുഷ്യത്വ നിഷ്ക്കാസനമാണവിടെ നടക്കുന്നത്, ഒരു ഭരണകൂടം തന്നെ ഒരു സമുദായത്തെ ഒന്നടങ്കം തുടച്ചുനീക്കുന്ന ഒരവസ്ഥ ഇതിന് മുമ്പുണ്ടായിട്ടില്ല. ഇതൊരു വർഗ്ഗീയലഹളയല്ല. മറിച്ചൊരു വർഗ്ഗനശീകരണമാണ്. പിതാവിന്റെ പാത അടിമുടി പിന്തുടരാൻ പ്രതിജ്ഞാബദ്ധനായ ഒരു വ്യക്തിയെന്ന നിലയിൽ ജനങ്ങളുടെ പ്രതീക്ഷക്കൊത്തുയരാൻ കഴിവിന്റെ പരമാവധി പ്രയത്നിക്കും.

**പാർലമെന്റ് ഇലക്ഷനിൽ ഇത്രയും വലിയൊരു വിജയം താങ്കൾ പ്രതീക്ഷിച്ചിരുന്നോ? ഇലക്ഷൻ പ്രചാരണ വേളകളിലെ താങ്കളുടെ അനുഭവങ്ങൾ വിവരിക്കാമോ? എന്തെങ്കിലും പ്രത്യേകം അനുഭവം മനസ്സിൽ തങ്ങിനിൽക്കുന്നുണ്ടോ?**

ഇലക്ഷൻ പ്രചരണം എനിക്കൊരു പുത്തനനുഭവമയിരുന്നില്ല. കാരണം ഇതിനുമുമ്പുള്ള ഏഴ് തെരഞ്ഞെടുപ്പുകളിൽ അച്ഛന്റെ കൂടെ പ്രചരണ പരിപാടികളിൽ സംബന്ധിച്ചിരുന്നു. എങ്കിലും എന്തോ ഒരു വ്യത്യസ്തത ഈ ഇലക്ഷൻ പ്രചരണത്തിനുണ്ടായിരുന്നു. വാക്കുകളിലൂടെ ആ അനുഭവത്തിന് രൂപം നൽകാൻ കഴിയില്ല. അച്ഛന്റെ ഓർമ്മകൾ തളം കെട്ടി നിൽക്കുന്നുണ്ടായിരുന്നു എല്ലായിടത്തും പ്രചരണത്തിലുടനീളം കാണാൻ കഴിഞ്ഞത് അദ്ദേഹത്തോട് ജനങ്ങൾക്കുണ്ടായിരുന്ന അടുപ്പവും ആദരവും സ്നേഹവുമായിരുന്നു. അച്ഛന്റെ ആത്മാവ് സദാ എന്നോടൊപ്പമായിരുന്നു. യഥാർത്ഥത്തിൽ ഇത് എന്റെ വിജയമല്ല, മറിച്ച് ജനങ്ങൾ അദ്ദേഹത്തിന് സമർപ്പിച്ച "ശ്രദ്ധാഞ്ജലി"യാണ്. എന്റെ ജോലി തുടങ്ങിയതേയുള്ളൂ ജനങ്ങൾ എന്നിലർപ്പിച്ച വിശ്വാസം കാത്തുസൂക്ഷിക്കേണ്ടതുണ്ട്.

**താങ്കളുടെ പിതാവ് സ്പോർട്സ്രംഗത്തോട് വളരെയധികം താല്പര്യം കാണിച്ചിരുന്ന വ്യക്തിയായിരുന്നു പ്രത്യേകിച്ച് ക്രിക്കറ്റിനോട്, അതുപോലെ എന്തെങ്കിലും താല്പര്യം ഉണ്ടോ?**

ക്രിക്കറ്റിനോട് അതിയായ ഭ്രമം ഉള്ള ഒരു വ്യക്തിയാണ് ഞാനും. ഞാൻ ക്രിക്കറ്റ് കാണാറുണ്ട്. ക്രിക്കറ്റിനെക്കുറിച്ച് ചർച്ച ചെയ്യാറുണ്ട്. അച്ഛന്റെ ഇഷ്ട വിനോദമെന്ന നിലയിൽ എനിക്കതിനോട് മാനസികമായ എന്തോ ഒരടുപ്പമുണ്ട്. അച്ഛന്റെ ആഗ്രഹങ്ങളും സ്വപ്നങ്ങളും യാഥാർത്ഥ്യമാക്കിത്തീർക്കേണ്ടത് എന്റെ കടമയാണെന്ന് വിശ്വസിക്കുകയും ചെയ്യുന്നു.

> സൗഹൃദം, സ്നേഹം, സഹവർത്തിത്വം
> ഗ്രാമങ്ങളും പട്ടണങ്ങളും, ഇതെല്ലാം
> ഇടകലർന്ന മനോഹരമായ ഒരു നാട്
> അതാണ് എന്റെ മനസ്സിലുള്ള കേരളം.

**ഈ കൊച്ചുകേരളത്തെ 'ദൈവത്തിന്റെ സ്വന്തം നാട്' എന്നു വിളിക്കുന്നു. താങ്കൾക്കെന്ത് തോന്നുന്നു?**

അങ്ങനെ വിളിക്കുന്നു എന്നല്ല പറയേണ്ടത് ശരിക്കും "ദൈവത്തിന്റെ സ്വന്തം നാട് "തന്നെയാണ്. കേരളീയരിൽ കാണുന്ന രണ്ട് കാര്യങ്ങൾ എന്നെ അത്ഭുതപ്പെടുത്തുന്നു. ആധുനികതയും, സംസ്കാരത്തോടും പാരമ്പര്യത്തോടുമുള്ള മമതയും ഒന്നിച്ചുകൊണ്ടുപോകാൻ അവർക്ക് കഴിയുന്നു. ഇത് ഒരു മാതൃകയായിരിക്കണം. എല്ലാവർക്കും, അത്പോലെ പൊതുമുതലുകളെ ബഹുമാനിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന കാര്യത്തിൽ ഇവിടത്തെ ജനങ്ങൾ കാണിക്കുന്ന പ്രതിബദ്ധതയാണ് രണ്ടാമത്തേത്, സൗഹൃദം, സ്നേഹം, സഹവർത്തിത്വം ഗ്രാമങ്ങളും പട്ടണങ്ങളും, ഇതെല്ലാം ഇടകലർന്ന മനോഹരമായ ഒരു നാട്, അതാണ് എന്റെ മനസ്സിലുള്ള കേരളം.

**ഇനി തികച്ചും വ്യക്തിപരമായ ഒരു ചോദ്യം.....**

(കണ്ണുകൾകൊണ്ട് ചോദ്യമുന്നയിക്കാൻ ആവശ്യപ്പെടുന്നു.)

**ഒരു ഹിന്ദി സിനിമാ ചോക്ലേറ്റ് നായകനേക്കാളും ആകർഷകത്വം താങ്കൾക്കുണ്ട്.**

(ചിരിക്കുന്നു. കൂടെ സമദാനിയും)

**സിനിമയിൽ അഭിനയിക്കണമെന്ന മോഹം വല്ലതും...?**

(ചിരിക്കുന്നു....ഞങ്ങളെല്ലാവരും ചിരിയിൽ പങ്കാളികളായി.)

**താങ്കളുടെ കാമ്പസ് ജീവിതത്തെക്കുറിച്ച് വല്ലതും....?**

എന്റെ കോളേജ് ജീവിതം വളരെ സുന്ദരമായിരുന്നു. ഹാർവാർഡ് യൂനിവേഴ്സിറ്റി അന്താരാഷ്ട്ര തലത്തിൽ തന്നെ പ്രശസ്തമായ കാമ്പസുകളിൽ ഒന്നാണല്ലോ? ഒരുപാട് അവസരങ്ങളും സാധ്യതകളും അവിടെ ലഭിക്കുന്നു. കോളേജ് ജീവിതം നന്നായി ആസ്വദിച്ചിരുന്നു. കളിതമാശകൾ നിറഞ്ഞതായിരുന്നു ആ കാലം, I think making fun is not a crime, is it?

ലിഫ്റ്റിൽ ഞങ്ങളുടെ കൂടെ താഴെവന്ന് ഹോട്ടലിന്റെ മുറ്റം വരെ അനുഗമിച്ച ജ്യോതിരാദിത്യ സിന്ധ്യ താനൊരു 'ജ്യോതിർ ആഥിതേയ സിന്ധ്യ' കൂടിയാണെന്ന് മനസ്സിലാക്കി തന്നു.

തയ്യാറാക്കിയത് : മുനീർ കെ.വി
ഒന്നാം വർഷ ബി.എ. അറബിക്

## അഭിമുഖം/റാബിയ

# എന്റെ സ്വപ്നത്തിലെ ക്യാംപസ്



**വി**ദ്യാഭ്യാസ മേഖലയിൽ വളരെയധികം പ്രവർത്തന പരിചയമുള്ള താങ്കൾക്ക് ഇന്നത്തെ ക്യാമ്പസിനെകുറിച്ച് എന്താണ് പറയാനുള്ളത്?

ഒരു വിദ്യാലയത്തിന്റെ സാന്നിദ്ധ്യം ആയിരം കാരാഗൃഹത്തെ ഇല്ലാതാക്കുന്നു. തോമസ് കാർലൈനിന്റെ ഈ വചനവും ഇന്നത്തെ ക്യാമ്പസുമായി തുലനം ചെയ്താൽ ഫലം വിപരീതമായിരിക്കും. ആത്മാവ് നഷ്ടപ്പെട്ട ഈ സമൂഹം ക്യാമ്പസിന്റെ ശാപമാണ്. സ്വന്തം പുറംതോടിന് പുറത്ത് കടക്കാത്ത വിദ്യാർത്ഥി ഭൂമിയിൽ മനുഷ്യൻ നിർവ്വഹിക്കേണ്ട കർത്തവ്യങ്ങളിൽ നിന്ന് ഒളിച്ചോടുകയാണ് ചെയ്യുന്നത്. തന്റെ തന്നെ അവകാശങ്ങൾ കവർന്നെടുക്കുന്നവർക്കെതിരെ പോലും ശാസിക്കാത്തവനാണ് ഇന്നത്തെ വിദ്യാർത്ഥി. അദ്ധ്യാപകവൃത്തിയെ കേവലം തൊഴിൽ മാത്രമായി കാണുന്ന അദ്ധ്യാപകരിൽ നിന്ന് തങ്ങളുടെ അവകാശങ്ങൾ ചോദിച്ച് വാങ്ങാൻ വിദ്യാർത്ഥികൾ തയ്യാറാവണം.

ഓരോ വിദ്യാർത്ഥിയും തന്റെ കാലഘട്ടം തിരിച്ചറിയുകയും കർത്തവ്യത്തെക്കുറിച്ച് ബോധവാൻമാരാവുകയും വേണം. ഔപചാരിക പഠനങ്ങൾക്ക് പുറമെ 'കാട്ടാളനെ മനുഷ്യനാക്കുന്ന അറിവ്' ഓരോ വിദ്യാർത്ഥിയും സ്വയം കണ്ടെത്തണം. ക്യാമ്പസ് രാഷ്ട്രീയം നേതൃത്വ പരിശീലനത്തിനും അവകാശബോധം നേടുന്നതിനും ആവശ്യമാണ്. അല്ലാതെ സങ്കുചിത രാഷ്ട്രീയ താൽപര്യങ്ങൾക്ക് അടിപ്പെട്ട് ജയ് വിളിക്കുന്നതും കൊടിപിടിക്കുന്നതും അതിന് വേണ്ടി സമയം കളയുന്നതും നിരർത്ഥകമാണ്.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകേണ്ടത് അത്യാവശ്യമാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ അഭാവം തലമുറയെ വൈറ്റ്കോളർ സംസ്കാരത്തിലേക്ക് നയിക്കുന്നു. കേവലം സർട്ടിഫിക്കറ്റുകൾ മാത്രം കൈപറ്റി ക്യാമ്പസിന്റെ പടിയിറങ്ങുന്ന വിദ്യാർത്ഥികൾ പരുക്കൻ ജീവിത സാഹചര്യങ്ങളുമായി പൊരുത്തപ്പെടാൻ കഴിയാതെ അന്തർമുഖനായി ത്തീരുന്നു.

വിദ്യാഭ്യാസം തൊഴിൽ നേടാനുള്ള ഉപാധി മാത്രമല്ല. അങ്ങിനെയായി മാറിയാൽ അഭ്യസ്ഥ വിദ്യർ തൊഴിൽ വിദഗ്ദർ മാത്രമായി അധ:പ്പതിക്കും. അങ്ങിനെ വരുമ്പോൾ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം തകരുകയും മൂല്യം നഷ്ടമാവുകയും ചെയ്യും.